# വിളി ......

‘കുഞ്ഞീ .... അതിലൊന്നും ചവിട്ടാതെ ഇങ്ങോട്ടു വന്നേ.......‘ഉമ്മൂന്റെ കാറപള്ള് ചെവിയിലടിച്ചതും പൗരാണിക കടൽ വലിവിന്റെ മുദ്രകൾ പതിഞ്ഞ നിലത്തെ മണൽ കൂനയിൽ നിന്ന് ഞെട്ടിത്തരിച്ച് കാൽവിരലുകൾ എടുത്തു.തെല്ലു പൊട്ടിയ മണൽക്കൂനയിൽ നിന്ന് ദുർമന്ദലുകൾ മൂക്കിലേക്ക് തള്ളികയറുന്നതിനാൽ മൂക്കുപൊത്തി തിരിഞ്ഞതും ഉമ്മു ചെവി കിഴുത്ത് ഉമ്മറപൈപ്പിൽനിന്ന് കാലുകൾകഴുകിതന്ന് വ്രാന്തയിലിട്ടു.മുറ്റത്തായി ഒന്ന് രണ്ട് കൂനകൾ കൂടിയുണ്ട് അവയിലെല്ലാം പൂച്ച കാഷ്ടം തന്നെയാവോ എന്നറിയാൻ കുഞ്ഞുരലിൽ ചെറുള്ളി ചതച്ചു കൊണ്ടിരിക്കുന്ന ആറ്റുമ്മയോട് ചോദിച്ചു.‘ആറ്റുമ്മാ ......... അതിലൊക്കെ പൂച്ചത്തീട്ടം തന്നെ .....

ആറ്റുമ്മാ ......‘

‘ആന്ന് ....‘ രണ്ടക്ഷത്തിൽ ഉത്തരം തന്ന് കോന്തലയിൽ നിന്ന് ഒരു വെറ്റിലചുരുട്ടെടുത്ത് ആറ്റുമ്മ ചവക്കാൻ തുടങ്ങി.താമ്പൂലക്കറ പൂണ്ട ലാലാസ്രവം എന്റെ മുഖത്ത് ഒന്നുരണ്ട് പുള്ളികൾ തീർത്തെങ്കിലും ഞാൻ ആറ്റുമ്മയോട് കൂടുതൽ ചാരി തന്നെ ഇരുന്നു.ആറ്റുമ്മ എന്തു പറഞ്ഞാലും ഒരു പഴങ്കഥ മേമ്പൊടി യായി പറയും. കുഞ്ഞുരലിൽ നിന്ന് കണ്ണെടുക്കാതെ ആറ്റുമ്മപറയാൻ തുടങ്ങി.‘കുഞ്ഞീ ..... പൂച്ച വെളിക്കിരുന്ന ശേഷം അതിനുമേലെ കുന്നുകൂട്ടുന്നത് എന്തിനെന്ന് അറിയോ ....?എന്റെ ആകാംക്ഷ ത്രസിച്ചു ...... ‘ഇല്ല ....... ആറ്റുമ്മ പറയീ ......‘

‘ന്നാ കുഞ്ഞി കേട്ടോ .....പണ്ട് ഫിറോന്റെ ആൾക്കാര് മരിച്ചാ ....അവരെടെ കബറിന് മേലെ വല്ല്യയ കല്ലുകെട്ടി ഉണ്ടാക്കും. ഈ ദുനിയാവിലെ ആദ്യത്തെ പൂച്ച പിറന്നത് ഓലെ നാട്ടിലാ.....ആ പൂച്ച വല്യാപ്പ ചത്തപ്പോളും പൂച്ച മക്കൾ അതേപോലെ വല്യ കെട്ടുണ്ടാക്കി .......വല്ല്യകുന്ന് ....... അന്ന് ഇന്നത്തെപോലെ ചെറിയ പൂച്ച അല്ലല്ലോ വല്ല്യ പൂച്ചോൾ അല്ലേ .... കാലം കഴിഞ്ഞു പൂച്ച ചെറുതായി, അവറ്റകള് ചത്താല് മനുഷ്യന്മാര് മറെയ്യാനും തുടങ്ങി.അപ്പൊ പൂച്ചോള് പൂച്ച വല്ല്യപ്പാന്റെ ഓർമ്മക്ക് വെളിക്കിരുന്നു നീക്കുമ്പോൾ കുന്നുണ്ടാക്കാനും തുടങ്ങി ......‘

മറ്റു ചോദ്യങ്ങൾക്ക് അവസരം തരാതെ ആറ്റുമ്മ മുറ്റത്തേക്ക് നീട്ടിത്തുപ്പിയശേഷം മോന്തായം വിട്ടു.മുറ്റത്തൂടെ ഒന്ന് രണ്ട് പശുക്കൾ ആ സമയം കൊണ്ട് അലഞ്ഞു പോയി. മുറ്റവക്കിലെ കുന്ന്തുളച്ച

മൺപടികളിലൂടെ സെയ്ഫുത്ത ഇറങ്ങി വരുന്നത് കണ്ടപ്പോൾ സന്തോഷത്താൽ എണീറ്റു നിന്നു. സൈഫുത്തയാണ് എനിക്ക് ചോറ് തരാറ്. അടിയില്ല , നുള്ളില്ല ....പകരം കഥ പറഞ്ഞ് ചോറ് വാരിത്തരും. ചോറ് കഥ ചേർത്തങ്ങനെ വിഴുങ്ങും ... സയ്ഫുത്തയുടെ കൈ വിസ്താരം കുറഞ്ഞതിനാൽ ചെറുരുളകൾ വേഗത്തിൽ ഇറക്കാനുംകഴിയും.

സൈഫുത്ത കവിളിൽ മുത്തം തന്ന് അകത്തേക്ക് പോയി.തണുത്തു വിണ്ട ചുണ്ടുകൊണ്ടുള്ള കവിളുരസലിൽ ഉള്ളം ഇക്കിളിപ്പെട്ടു. സൈഫുത്ത ഉമ്മുവിനോട് സൊറപറയാൻ വന്നതാണ്. ഇടയ്ക്ക് സൈഫുത്തയുടെ കൂടെ കദീസുമ്മയും സൊറ പറയാൻ വേണ്ടി ചമഞ്ഞിരിക്കും. 'സൈഫൂനെ കെട്ടിക്കണ്ടേ .....?' ഉമ്മുവിന്റെ കദീസുമ്മയോടുള്ള ചോദ്യം കേൾക്കേണ്ട താമസം സൈഫുത്ത എന്നെയും എടുത്തോണ്ട് മുറ്റത്തിറങ്ങും.കെട്ടിക്കൽ എന്നാൽ സൈഫുത്തയെ വേറെ വീട്ടിലേക്ക് പറഞ്ഞയക്കലാണെന്ന്  അറിഞ്ഞതു മുതൽ അവരുടെ സൊറപ്പേച്ചുകളിൽ കെട്ടിക്കൽ സംസാരം കടന്നുവരുമ്പോൾ എനിക്ക് നീരസം പിടിക്കും.കുറുമ്പ് പൂക്കും.എല്ലാവരും എന്റെ കുറുമ്പ് കണ്ടു പൊട്ടി ചിരിക്കുമ്പോഴും സൈഫുത്ത എന്നെ എടുത്തോണ്ട് മുറ്റത്തേക്കിറങ്ങി കവിളിൽ തുരുതുരാ മുത്തങ്ങൾ തരും. അന്നേരം എനിക്കിഷ്ടം പെരുക്കും.അളവില്ലാതെ എന്റെ കുഞ്ഞു ചുണ്ടുകളിൽ മുത്തങ്ങൾ വിരിയും. പലപ്പോഴും മൺപടികയറി നിന്ന് സൈഫുത്ത എന്നെ വീട്ടിലേക്ക് വിളിക്കാറുണ്ട് .പക്ഷേ ഞാൻ പോകാറില്ല .എന്തുകൊണ്ടോ എനിക്ക് പോകാൻ തോന്നാറില്ല.

മുണ്ടുകൊണ്ട്  അരക്കെട്ടുവരെ മറച്ച്, അരക്കു താഴേ ഒരു മൽമുണ്ടും ചുറ്റി കയ്യിൽ ക്ഷൗരകത്തിയുമായി ഉമ്മൂന്റെ 'ഇങ്ങൾ' മുറ്റത്തേക്കിറങ്ങി.ശേഷം വിറകുപുരയുടെ ചായ്പ്പിലായി ആണിയടിച്ചുകയറ്റിയ കണ്ണാടിക്ക് മുമ്പിൽ നിന്ന് പതിയെ പതിയെ കറുത്ത താടി കത്രിക്കാൻ തുടങ്ങി. 'ഇങ്ങള് ' വെള്ളയുടുത്ത് കയ്യിൽ ഒരു ബാഗുമായി  രാവിലെ വീടുവിട്ടിറങ്ങാറുണ്ട്. മുറ്റത്തുനിന്ന് ഉമ്മുവിനോട് 'ഞാൻ സ്കൂളിൽ പോണ്' എന്ന് വിളിച്ചുപറയുകയും ചെയ്യും. പിന്നെ വൈകീട്ടാണ് വരവ്. 'ഇങ്ങളെ ' കൂടെ ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ ശ്രദ്ധിക്കണം. കൈ കഴുകാതെ ഇരുന്നാൽ നല്ല പെട കിട്ടും. ചില ദിവസം എങ്ങോട്ടും പോകില്ല വീട്ടിലെ മരമേശക്കു മുന്നിൽ പുസ്തകം പിടിച്ചിരിക്കും. അക്ഷരങ്ങളിലൂടെ കണ്ണരിച്ചങ്ങനെ ദീർഘനേരം ....

വരാന്തയിൽ നിന്ന്  വിറകുപുരയുടെ ചായ്പ്പിലേക്ക് കണ്ണെറിഞ്ഞ് ഉമ്മു ഉറക്കെ ചോദിച്ചു. ' ഇങ്ങൾക്ക് ചായ എടുത്തു വെക്കട്ടെ .....''

'വേണ്ട ......ഞാൻ വരാം.....' പരുക്കൻ മറുപടിയും വാങ്ങി ഉമ്മു വീണ്ടും അടുക്കള കയറി .ആറ്റുമ്മ പത്തായപ്പുറത്ത് നീണ്ടു മലർന്നു കിടക്കുന്നത്

ഉമ്മറച്ചുവരിലെ ജാലകത്തിലൂടെ കാണാം നൂറ്റാണ്ടുകൾക്കിടയിലെ പാലം കണക്ക് വായും തുറന്നങ്ങനെ കിടക്കുന്നു. സയ്ഫുത്ത പിറകിൽ നിന്ന് എന്നെ റാഞ്ചി എടുത്ത് സാരിക്കെണുപ്പിലായി  ഇരുത്തി.

എന്റെ പുറകിലൂടെ സൈഫുത്തയുടെ  കൈ വരിഞ്ഞു.അവരുടെ മറുകയ്യിൽ നിന്ന് ആയിരം കണ്ണുള്ള ദോശ എന്നെ അവികാരിതമായി നോക്കുന്നുണ്ട്. ഭാരം കാരണം  ഓലത്തുമ്പ് പോലെ വളഞ്ഞെങ്കിലും പ്രാഞ്ചി പ്രാഞ്ചി സൈഫുത്ത  എന്നേയും ചുമന്ന് മുറ്റത്തേക്കിറങ്ങി.

'കുഞ്ഞൂന്  ഒരു ഉടുമ്പിന്റെ കഥ പറഞ്ഞു തരട്ടെ ......ദോശ മുഴുവനും തിന്നോ....?' സൈഫുത്ത കണ്ണുകളിലേക്ക് ഒരു ശങ്ക എറിഞ്ഞു .ഞാൻ തലയാട്ടി മറുപടി കൊടുത്തതും നുണക്കുഴിയിൽ ഉമ്മനിറഞ്ഞു .

'പണ്ട് ഒരാൾ  ഒരു ഉടുമ്പിനെ പിടിച്ച് . എന്നിട്ട് കുഞ്ഞൂ ..... അയാൾ അതിനെയും കൊണ്ട് വീട്ടിൽ വന്നു.എന്തിനാച്ചാ .... ആ ഉടുമ്പിനെ അറുക്കാൻ .......കുഞ്ഞി ഉടുംമ്പെറച്ചി തിന്നീനാ.....?'ഇടക്കുള്ള ചോദ്യം അത്ര രസിച്ചില്ലേലും തലയാട്ടി ഇല്ലെന്നറിയിച്ചു. പണ്ട് ബീരാനിക്ക ഉടുമ്പിനെ പിടിച്ച് ഇറച്ചിയാക്കി കൊണ്ടുവന്നിരുന്നു. പക്ഷേ ഉമ്മു പാടെ നിരസിച്ചു.ഇറച്ചിയുടെ കടുനിറം ഉമ്മൂനെ അറപ്പിച്ചിരിക്കണം. അന്ന്  വരട്ടി യിരുന്നെങ്കിൽ ഒന്ന് അഹങ്കരിക്കാമായിരുന്നു. സൈഫുത്ത കഥ തുടർന്നു.

' എന്നിട്ട് കുഞ്ഞൂ ..... വീട്ടിലെത്തിയപ്പോൾ അയാളുടെ കയ്യീന്ന് ഉടുമ്പ് ചാടി .ആ ബട്കൂസിന് ഉടുമ്പിന്റെ മുൻകാലുകളിൽ വളയം കെട്ടി വളയത്തിലൂടെ അതിന്റെ വാല് കടത്തിവിട്ട് തലയോടുകൂടെ ചുറ്റി കെട്ടുന്നത് അറിയൂലായിര്ന്ന് .കയ്യീന്ന് തെറിച്ചതും ഉമ്മറത്തുള്ള അയാളുടെ കുട്ടിയുടെ നടുമ്പുറത്തേക്ക് ഒറ്റ കയറ്റം .....എന്നിട്ട് പറ്റിയങ്ങ് നിന്നു .  ഉടുമ്പ് പറ്റിയാ പിന്നെ വലിച്ചെടുക്കാൻ പറ്റുമോ .....? കുട്ടിയുടെ നടുമ്പുറത്തെ  തൊലിചീന്തി പോരൂലേ ......' എന്റെ വാവികാസത്തിലൂടെ ഒന്നു രണ്ടു ദോശ ഉരുളകൾ ഉരുണ്ടിറങ്ങി.

'എന്നിട്ടോ ....സൈഫുത്താ....?' അവസാനത്തെ ഒരുരുള കൊണ്ടെന്റെ വായടച്ച് സൈഫുത്ത കഥ തുടരാൻ ഒരുമ്പെട്ടു.'അവസാനം ഒന്നും ചെയ്യാൻ കഴിയാതെ വന്നപ്പോൾ അയാൾ വീടുവിട്ട് നിലവിളിച്ചു കൊണ്ട് നടക്കാൻ തുടങ്ങി.'

സൈഫുത്ത അടുത്ത വാചകങ്ങൾക്ക് വേണ്ടിയുള്ള ചിന്തയിലാണ്. അഗാധതയിൽ നിന്ന് ചിന്ത് എടുക്കുന്നത് അവരുടെ ഭ്രൂവടിവുകളിൽ സ്പഷ്ടമാണ്. ഞാൻ ദോശ ചവച്ചു കൊണ്ടിരുന്നു. ആറ്റുമ്മ വീണ്ടും ഉമ്മറത്തെ ചാരു കസേരയിൽ വന്നിരുന്നു.സൈഫുത്തയുടെ അലങ്കാര തട്ടത്തിലെ വെള്ളാരങ്കൽത്തൊത്തുകൾ തുടയിൽ ചുവന്ന കലകൾ പകർത്തിയത് കണ്ട് ഞാൻ സൈഫുത്തയുടെ മാറുചേല തുടയിൽ നിന്നുമാറ്റി.ചുവന്ന തുടിപ്പുകളിൽ കൈ വെച്ചതും ഒരു നീറ്റൽ പാദുകം മുതൽ മൂർദാവ് വരെ കയറി.പെട്ടന്നായിരുന്നു എന്താണ്

സംഭവിക്കുന്നതെന്നറിയാതെ സൈഫുത്തയുടെ  കൈവലയം ഭേദിച്ച് മണൽത്തിട്ടയിൽ ഞാൻ പുറമടിച്ചു വീണത്. ആകാശത്തിലെ ചിത്രപ്പണി നോക്കി വാവിട്ടുകരഞ്ഞു .എന്നാലും ആകാശം ചിത്രവേല നിർത്തിയില്ല.മൂടും തട്ടി മുഖം ചുളിച്ച് പതിയെ എഴുന്നേറ്റ് ഒന്ന് രംഗം വീക്ഷിച്ചു. സൈഫുത്ത മുറ്റത്തെ വിറകുപുര യുടെ ചായ്പ്പിലേക്ക് നോക്കി വാവിടുന്നു.ഉമ്മു ആർത്തുവിളിച്ച് ഉമ്മറം ചാടി ഓടുന്നു. ആറ്റുമ്മ ബോധരഹിതയായി ചാരുകസേരയിൽ നിലത്തു കിടക്കുന്നു.കസേരക്കാലുകൾ കുന്തമുന പോലെ എന്റെ കണ്ണിനു നേർ സമാനമായി തുറിച്ചിരിക്കുന്നു.അയൽപക്കക്കാർ ഓരോരുത്തരായി ചായ്പ്പിലേക്ക് ഓടിയടുക്കുന്നു.പതിയെ വിറകു പുരയിലേക്ക് അടുത്തു. മഴ വെള്ളം ശേകരിക്കാനായി ചായ്പ്പിൽ അട്ടിക്ക് വെച്ചിരുന്ന വികലാംഗരായ പാത്രങ്ങൾ ചിന്നിച്ചിതറി കിടക്കുന്നതിനിടയിൽ ഉമ്മൂന്റെ ‘ഇങ്ങൾ‘ മലർന്നുകിടക്കുന്നത് ഞെട്ടലോടെ ഞാൻ കണ്ടു. സൈഫുത്തയുടെ കൈയ്യഴിയാൻ കാരണം ഈ പാത്രങ്ങളുടെ വീഴുകിലുക്കമാണെന്ന് രണ്ടാം ചിന്തയിൽനിന്ന് ഓർത്തെടുത്തപ്പോൾ മനസ്സിലായി.പെട്ടെന്നുതന്നെ ക്ലീറ്റസങ്കിളിന്റെ വെള്ള അംബാസഡർ കാർ പാഞ്ഞെത്തി. അമാന്തിക്കാതെ ‘ഇങ്ങളെ ‘ യും കൊണ്ടത് പരപാഞ്ഞു.

ക്ലീറ്റസങ്കിൾ എല്ലാവർക്കും ഒരു പരോപകാരിയാണ്.ഇടയ്ക്കിടെ ആറ്റുമ്മയുടെ വലിവ് കൂടാറുണ്ട്.ചത്ത കുറുക്കന്റെ കണ്ണുപോലെ ആറ്റുമ്മയുടെ കണ്ണുകൾ അന്നേരം ഉത്തരംനട്ടിരിക്കും.ഒരു കർക്കിടക രാവിന്റെ ആരംഭം. അന്ന് പകലു മുഴുക്കെ ആകാശം പിഴിഞ്ഞു കൊണ്ടിരുന്നു. കാറ്റില്ലാത്തതുകൊണ്ട് കടൽ ശാന്തമാണ്. ചില മഴരാവുകളിൽ കടലു കേറുന്നതും നോക്കി നിൽക്കലാണ് വലിയപറമ്പ്കാരുടെ ജോലി.വീടു പുകഞ്ഞില്ലേലും ഉള്ളം പുകയുന്ന ഒരു പറ്റം കടൽ ജന്മങ്ങൾ ദൈവസ്മരണയിൽ പേടിച്ചരണ്ട് എല്ലാ വീടുമ്മറങ്ങളിലും കൂനിക്കൂടി ഇരിപ്പുണ്ടാവും. കടലിൽ നിന്ന് അല്പം വിട്ടാണെങ്കിലും കടപ്പുറവുമായി അഗാധമായ ബന്ധമാണ്. ചാകര വന്നാൽ ഇവിടെ ചോറുകിണ്ണങ്ങളിലും ചാകരയാണ്.കിട്ടുന്നതിന്റ ഒരു പങ്ക് അവർ എല്ലാ വീട്ടിലേക്കും എത്തിക്കും. ദുർവാര കാറ്റുള്ള ദിനങ്ങളിൽ ഉമ്മുവിന് വിഷമമാണ്. ‘അവറ്റകളെ കാക്കണെ പടച്ചോനെ .....‘എന്ന് സദാ ഉരുവിട്ടുകൊണ്ടിരിക്കും.എന്നാൽ അന്ന് ഒരു ദുർഭാവിയും പ്രതീക്ഷിക്കാത്ത ദിനമായിരുന്നു .ആകാശം കെട്ടിയിട്ട പോത്തിന്റെ അമർഷം കണക്ക് ഇടയ്ക്കിടെ മുരളുന്നു എന്നല്ലാതെ പ്രകൃതി ഭീകരാവസ്ഥയിലല്ല .പക്ഷേ മഴ ചിനുങ്ങി ചിനുങ്ങി അന്തരീക്ഷം പാടെ തണുത്തിരുന്നു. ഞാനും സൈഫുത്തയും വ്രാന്തയിൽ തൂവാനങ്ങളേറ്റിരിപ്പാണ്.കഞ്ഞിയും മാങ്ങാ പുമ്മുളുവും എന്റെ വായിലേക്ക്  ഇടയ്ക്കിടെ വെച്ചു നീട്ടി തരും.

കൈൽകുമ്പിളിലെ കഞ്ഞി പകുതി അകത്താക്കുമ്പോഴേക്ക് സൈഫുത്തയുടെ വിരലഗ്രത്തിലെ മാങ്ങാ പുമ്മുളു

നാകുഴികളിലേക്കിറങ്ങിയിരിക്കും..നാക്കും ഊനും പുളിഞ്ഞുകൊട്ടും. ഒട്ടും അമാന്തിക്കാതെ അടുത്ത കുമ്പിൾ സൈഫുത്ത ചുണ്ടിൽ വെക്കും. സന്ധ്യാനേരത്തെ കഞ്ഞികുടി അങ്ങനെ നീണ്ടുപോയി.

കഞ്ഞി എല്ലാം വാരിത്തന്ന് സൈഫുത്ത വീട്ടിൽ പോവാൻ എഴുന്നേൽക്കുമ്പോഴാണ് ഉമ്മറ ജാലകത്തിനപ്പുറത്തു നിന്നും ഞരക്കം കേട്ടത്.തങ്ങളുപ്പാപ്പ തലയിലൂതും പോലെ ആറ്റുമ്മ ഞെരിപിരികൊണ്ടൂതുന്നു. കണ്ണ് താളംതെറ്റി മറിയുന്നു. സെയ്ഫുത്ത ആർത്തു.......... 'ഉമ്മൂ ........' പിന്നെ കരച്ചിലായി പുക്കാറായി .....അതിനിടെ തടിച്ച ഒരു ഖദറുകാരൻ ആറ്റുമ്മയെ കുഞ്ഞെടുത്തം പൊക്കി അംബാസട്ടറിൽ ഇട്ടു .ശേഷം 'ഇങ്ങളും' കദറുകാരനും വണ്ടിയിലേറി അകന്നു. ദീനം സുഖപെട്ട് ആറ്റുമ്മ അമ്പാസട്ടർ കാറിൽ തിരികെ വീട്ടിലെത്തിയപ്പോഴാണ് ആ കദറുകാരൻ ആരാണെന്ന് സൈഫുത്തയോട് ആരായുന്നത് .സ്നേഹാർദ്രമായി സൈഫുത്ത മറുപടിയും തന്നു . 'അതാണ് നമ്മുടെ ക്ലീറ്റസങ്കിൾ ......'

ക്ലീറ്റസങ്കിൾ അന്ന് മനസ്സിൽ കയറിയതാണ്. പിന്നെ പലയിടങ്ങളിൽ വെച്ചും കണ്ടു എന്നല്ലാതെ മറ്റുള്ളവർ ചെയ്യുന്ന പോലെ എന്റെ തലയുഴിയുകയോ കവിളിൽ നുള്ളുകയോ ഒന്നുംതന്നെ ക്ലീറ്റസങ്കിൾ ചെയ്യാറില്ല.

മുറ്റത്ത്,വീടിന്റെ കറുത്ത നിഴൽ കുറികൾ പൊടി മണലിന്റെ പ്രകാശ തിളക്കത്തിന് വീടാകൃതിയിൽ ഒരു വരമ്പിട്ടിരിക്കുന്നു. പകൽവെളിച്ചം കെട്ട കർക്കിടക പ്രകൃതിയിൽ ഇടയ്ക്കിടെ വരുന്ന ഈ ഗഗന വെളിച്ചം നവ്യാനുഭൂതിദായകമാണ്. മഴനാരുകൾ നേർത്ത ചില്ലുകണങ്ങളായി വെട്ടിത്തിളങ്ങും. സൈഫുത്ത പറയും 'ഇന്ന് കുറുക്കന്റെ കല്യാണമാണെന്ന്.....' മഴക്കാലത്തെ ഇടവെളിച്ചങ്ങളിലാണ് കുറുക്കന്റെ കല്യാണം നടക്കുന്നതത്ര...

മുറ്റത്ത് വെളിച്ചം കണ്ടുവെങ്കിലും വീട്ടിൽ എല്ലാവരുടെ മുഖത്തും തെളിശൂന്യം. സൈഫുത്ത ഒക്കത്തേറ്റുന്നില്ല.ഉമ്മു സ്ത്രീകൾ വലയം ചെയ്ത കട്ടിലിൽ വീണു കിടക്കുന്നു. ആറ്റുമ്മയെ കാണാത്തവിധം പെണ്ണുങ്ങൾ മറഞ്ഞിരിക്കുന്നു. വല്ലപ്പോഴും പൊരികളുമായി വീട്ടിലെത്തുന്ന കൃഷ്ണമ്മയാണ് ചോറു വാരി തന്നത്. ആ അപരിചിതത്വം കാരണം ഒറ്റയിരിപ്പിന് തന്നെ ചോറ് അകത്താക്കി. ബഹളങ്ങൾ അസഹ്യമായപ്പോൾ ഉമ്മു തുണിയടിക്കാൻ മാത്രം ചൊല്ലാറുള്ള കട്ടിലില്ലാത്ത മുറിയിലേക്ക് ചെന്നു.അവിടെ ആരുമുണ്ടായിരുന്നില്ല.നിലത്തെ കാവി കാണാത്തവിധം തുണിക്കീറകൾ പരന്നുകിടക്കുന്നു.പടിഞ്ഞിരുന്നാൽ മെത്ത സമാനം. ഇരുന്നപാടെ കിടന്നു.താല്പര്യമില്ലാഞ്ഞിട്ട് കൂടെ കൺപോളകൾ അടയുന്നുണ്ട്.പൂർത്തിയാകാത്ത ഉടുമ്പിന്റെ കഥയുടെ ബാക്കി ഭാഗം ചിന്തിച്ചെടുക്കാൻ ശ്രമിച്ചു.എത്ര ഉത്തരങ്ങളിൽ എത്തിയാലും സൈഫുത്ത

പറയുമ്പോഴേ മനസ്സാട്ടം നിൽക്കൂ.  വീണ്ടും കൺപോളകൾ അടയാൻ തുടങ്ങി.മനസ്സിന് ഉണർവിനെ ചുമ്മാൻ കഴിയുന്നില്ല.എന്നെ ഉറക്കാനുള്ള താളവെട്ടിലാണ് കൺപോളകൾ. അവസാനം ഓർമ്മക്ക് പോലും ലഭിക്കാത്ത ഏതോ ഒരു നിമിഷം എന്റെ കൺകെട്ടു .

അമ്പാസട്ടർ കാറിന്റെ സ്റ്റിയറിങ്ങിനു അടുത്തായി ഘടിപ്പിച്ച നീല പങ്കയുള്ള കുഞ്ഞു ഫാനാണ് ആദ്യമേ കണ്ണിൽപെട്ടത്. ഉള്ളിൽ ഒരു ഓമനത്തം തോന്നി.അതിൽ നിന്നുതിരുന്ന തെന്നലുകൾ എന്റെ മുടിയിൽ തട്ടി ചിതറുന്നു. ഉറക്കപ്പശിമയുള്ള ചുണ്ടുകൾ ഉരത്തിലുരച്ച് മുൻസീറ്റുകളിലേക്കായി നോക്കി.ക്ലീറ്റസങ്കിൾ മൂകനായി വണ്ടിയോടിക്കുന്നുണ്ട് മറുസീറ്റിൽ

ഇടയ്ക്കിടയ്ക്ക്

തോളുകൾ ഇളക്കിത്തേങ്ങി ആപ്പ കൂനിക്കൂടിയിരിപ്പുണ്ട്.

ഉമ്മു എന്റെ അരികെ ഡോറിൽ തലചായ്ച്ച് അബോധാവസ്ഥയിൽ കിടക്കുന്നു. എനിക്കെന്തെങ്കിലും പറഞ്ഞാലോ എന്ന് തോന്നിയെങ്കിലും മൂകയാത്രയോട് അനുസരണക്കേട് കാണിക്കാനുള്ള ധൈര്യമുണ്ടായില്ല.

തണുപ്പേറ്റ് നാസികാരസം നിറഞ്ഞു തൂവുന്നതറിഞ്ഞ്  ഒന്ന് മൂക്ക് വലിച്ചു. മൂക്കിൽ നിന്ന് ഒന്ന് രണ്ട് പൈകിടാങ്ങൾ അമറി.ക്ലീറ്റസങ്കിൾ ഫാൻ ഓഫ് ചെയ്തു. അങ്ങനെ ആ കടലടങ്ങി.തിരമാലകളില്ലാത്ത ഒരു ശവക്കടൽ പങ്കക്കു പുറകിൽ ഒളിഞ്ഞിരിക്കുന്നത് അകക്കണ്ണ് കണ്ടു.

ആപ്പ പുറകിലേക്ക് കൈനീട്ടി എന്നെ എടുത്ത് മടിയിലിരുത്തി മനസ്സിലേക്ക് ചായ്ച്ചു.ശിരസ്സിലെ കുഞ്ചിരോമങ്ങളിലൂടെ ആപ്പ വിരലോടിക്കാൻ തുടങ്ങി. പ്രായം പരിക്കേൽപ്പിച്ച വിരൽ തെല്ലുകളിൽ ആയിരം തൽപ്പങ്ങൾ വിരിഞ്ഞു അതിലേതിലോ കിടന്ന് ഞാൻ വീണ്ടും ശയനം പ്രാപിച്ചു.

ചെട്ടിപ്പടി ഐസ് കമ്പനിക്ക് മുന്നിലായി വാഹനം നിന്നു . ഉമ്മു വിശന്നുവലഞ്ഞ അങ്ങാടിത്തെണ്ടിയെ പോലെ തലതാഴ്ത്തി  ഐസ് കമ്പനിക്കു ചാരിയുള്ള മണൽ പാകിയ കൈവഴിയിലൂടെ തേങ്ങി നടക്കാൻ തുടങ്ങിയപ്പോഴേക്ക് ഒരുപാട് സ്ത്രീകൾ വന്ന് ഉമ്മുവിനെ പാടെ പൊതിഞ്ഞു. ഉമ്മുവിനെ കാണാത്ത വിധം ആ വലയം അങ്ങനെ ചലിക്കാൻ തുടങ്ങി. ‘എത്രയായി‘ ആപ്പ ക്ലീറ്റസങ്കിളിലേക്ക്  തലതാഴ്ത്തി കുപ്പായ കീശയിൽ കൈവെച്ചു. മുഖത്തുനോക്കി പൊട്ടിക്കരഞ്ഞ് ക്ലീറ്റസങ്കിൾ വാഹനവുമായി പോയി. മാന്തോപ്പുകൾ കിടയിലൂടെ വീടു കാണാൻ തുടങ്ങി.ഇടയ്ക്കിടെ ഞാനും ,‘ഇങ്ങളും ‘, ഉമ്മുവും , ആറ്റുമ്മയും ഇവിടെ വരാറുണ്ട്.

ഒഴിവുദിനങ്ങളിൽ 'ഇങ്ങൾ' ഉമ്മുവിനോട് പറയും ' നമുക്ക് നാളെ ചെട്ടിപ്പടിയിൽ പോകാം ......ട്രെയിൻ രാവിലെയാണ് ......' പലപ്പോഴും ആറ്റുമ്മയുടെ നിർബന്ധം കാരണമാണ് 'ഇങ്ങൾ ' പോകാൻ ഒരുങ്ങാറുള്ളത്. ഒരുങ്ങുവോളം ആറ്റുമ്മ ചെവിതല തരാതെ ചിലച്ചുകൊണ്ടിരിക്കും.

കേൾക്കേണ്ട താമസം എന്നിൽ സന്തോശം  ഉണരും. നല്ല മധുരമുള്ള മാങ്ങ കഴിക്കാം. ഐസ് കമ്പനിയിൽ പോയി ഐസ് കഴിക്കാം. എന്നെ കാണേണ്ട താമസം ഐസ് കമ്പനിയിലെ കുപ്പായം അണിയാത്ത വൃദ്ധൻ പലനിറങ്ങളിലുള്ള ഐസുകൾ തരും നുണ മാറുംവരെ കഴിക്കും. തോട്ടത്തിൽ എവിടെയും നടക്കാം. പക്ഷേ ഒരു സ്ഥലം മാത്രം എനിക്ക് കടക്കാൻ പാടില്ലാത്തതാണ്. അവിടെ മണ്ണിനടിയിലൂടെ കറണ്ട് പോകുന്നുണ്ടെന്നാണ് എന്നോട് പറഞ്ഞിട്ടുള്ളത് .പക്ഷേ ' ഠ'അക്ഷരം പോലെ ഒരു ഇരുമ്പുദണ്ഡ് പൊന്തി നിൽക്കുന്നതല്ലാതെ ഞാൻ ഒന്നും കാണാറില്ല. പേടി കാരണം ആ സ്ഥലത്തേക്ക് പോകാറുമില്ല .മതിലുകളില്ലാത്ത അയൽവക്കത്തെ കുട്ടികളുമായി കളിക്കാനും പൂർണ്ണ സമ്മതമാണ് .വീടിനോട് ചാരി ഒരു ഗുഹയുണ്ട് വല്യുപ്പ മാങ്ങ പഴുപ്പിക്കാൻ വച്ചിരുന്ന സ്ഥലമാണെന്ന് ഉമ്മു പറയും .ആകാംക്ഷയോടെ പുറമേ നിന്നു നോക്കും .പലപ്പോഴും ഉമ്മുവിന്റെ ഒക്കത്തേറിയാവും ഗുഹ കാണാൻ പോക്ക്.

ആ ആകാംക്ഷാതിരേകത്തിൽ എത്ര ഉരുള അകത്താക്കി എന്നുപോലും അറിയാറില്ല. ഒന്നുരണ്ട് ദിനങ്ങൾക്ക് ശേഷം മടങ്ങുമ്പോൾ മാക്കറയേറ്റ് ചുണ്ടുവിണ്ടിരിക്കും. ഐസ് തണുപ്പേറ്റ് കൊല്ലി വേദനിക്കുന്നുമുണ്ടാവും.

സായാഹ്നങ്ങളിൽ സൈഫുത്തയും ഉമ്മുവും ഉരുവിടാറുള്ള പാട്ടുപോലെ മനോഹരമായ വാചകങ്ങൾ മുഴങ്ങുന്നു.ആപ്പ എന്നെ ഉമ്മറത്തു വെച്ച് വരാന്തയിലെ മേൽപ്പടിമേൽ ഇരുന്ന് അഞ്ചു വിരലാൽ മുഖംമൂടി കരയാൻ തുടങ്ങി.അവിടെ വരുമ്പോഴെല്ലാം ഞാൻ കാണാറുള്ളവർ എന്നെ എടുക്കാനുള്ള ധൈര്യം ശോഷിച്ച് വാവിടാൻ ഒരുങ്ങുന്നു. ചിലർ വാ പൊത്തി കരച്ചിൽ വിഴുങ്ങുന്നു.  നടുമുറിയിൽ ഏങ്കോണിച്ച് സ്ഥാപിച്ച ആറ്റുമ്മയുടെ കട്ടിലിൽ ഒരാൾ മൂടിപ്പുതച്ച് കിടന്നുറങ്ങുന്നുണ്ട്. കട്ടിലിനു ചുറ്റും ഇരിക്കുന്ന ശുഭ്രവസ്ത്രധാരികളാണ് മനോഹരമായ ഗീതം ഉരുവിടുന്നത്. പരിചയമില്ലാത്ത കടുഗന്ധം പരിസരമാകെ പരന്നിരിക്കുന്നു. മരക്കോണി കയറി മുകളിലെത്തി ഉമ്മുവിന്റെ റൂമിലേക്ക് കടന്നതും ആറ്റുമ്മ എന്നെ വാരി പുണർന്നു കരയാൻ തുടങ്ങി. ആറ്റുമ്മയുടെ ഹൃദയസ്വനങ്ങൾ നെല്ലുകുത്ത് ശബ്ദം പോലെ കഠിനമായിരുന്നു.. ചുറ്റും കൂടിയ സ്ത്രീകൾ എന്നെ ആറ്റുമ്മയിൽ നിന്നകറ്റി  അറിയാത്ത ആരുടെയോ ഒക്കത്തിരുത്തി.ഞാൻ ഊർന്നിറങ്ങി മുറിപ്പുറത്തെ ചുമരിൽ ചാരിയിരുന്നു.ഇരിക്കപ്പൊറുതിയില്ലാതെ മച്ചിലെ പൂമുഖ ജാലകത്തിലേക്ക് നടന്നു. തുരുമ്പിച്ച അഴിക്കുരുക്ക് അഴിക്കാൻ ഒന്നു കിതക്കേണ്ടി തന്നെവന്നു. മാവമ്മാവന്മാരുടെ മൂർദ്ധാവിലേക്കായി ജാലകം തുറന്നു .

തോട്ടം നിറയെ മാമ്പഴം വീണിരിപ്പുണ്ട്. ആരും അത് എടുത്തിട്ടില്ല. സാധാരണ മൂത്തുമ്മ വലിയ ചാക്കുമായി രാവിലെ ഇറങ്ങി എല്ലാം സ്വരൂപിക്കാറുണ്ട് . ഞാൻ ഇങ്ങോട്ടു വരുന്ന ദിവസം മുത്തുമ്മയുടെ വഴിവാലായി മാങ്ങപ്പെറുക്കാൻ കൂടാറുമുണ്ട്..എത്ര മാമ്പഴങ്ങളാണ് ഇങ്ങനെ അനാഥമായി കിടക്കുന്നത്.എനിക്ക് സങ്കടം തോന്നി.

പുറത്തുനിന്ന് കൂട്ടുസ്വരം കേൾക്കാൻ തുടങ്ങുന്നേ ഉണ്ടായിരുന്നുള്ളൂ അകത്തുനിന്ന് പെണ്ണുങ്ങളുടെ ആളിച്ച പരന്നു. മനസ്സ് അസ്വസ്ഥമായി. ആളുകൾ വരിവരിയായി ഉമ്മറത്തു നിന്ന് ചലിക്കാൻ തുടങ്ങിയിട്ടുണ്ട്. ഐസ് കമ്പനിക്കാരനെയും ആപ്പയേയും മാത്രമാണ് കൂട്ടത്തിൽ നിന്ന് തിരിച്ചറിയാൻ കഴിഞ്ഞത്.പുറകെ കുറച്ചു പേര് പച്ചപുതച്ച ഒരു ഇരുമ്പുകൂടേന്തി വരിയുടെ നടുവിലായി നടന്നുപോയി.

അവസാനത്തെ മനുഷ്യനും കൺ മറഞ്ഞതിനുശേഷം ഒരു വലിയ മൂകത തളം കെട്ടി നിന്നു . കരഞ്ഞു തളർന്ന പെണ്ണുങ്ങളുടെ തേങ്ങലുകൾ മാത്രമാണ് ഒരു അപവാദമായി ശേഷിച്ചത്.

മരക്കോണി വീണ്ടുമിറങ്ങി വരാന്തയിലേക്കായിപോയി.

നടു മുറിയിലെ ആറ്റുമ്മയുടെ കട്ടിൽ കഴുകിവൃത്തിയാക്കി മൂലയിലിട്ടിരിക്കുന്നു.

മുറ്റത്ത് ഒന്നുരണ്ട് ആളുകൾ ചേർന്ന് അലുവ വെട്ടുന്നുണ്ട്.നീല ടാർപ്പായയിലൂടെ വെളിച്ചം പരന്ന മുറ്റം ഉജാല നിറം പൂണ്ടിരിക്കുന്നു.ടാർ പായക്കപ്പുറം മാവമ്മാവന്മാരുടെ നിഴൽ പ്രേതങ്ങളാലുള്ള തുരുത്തുകൾ കാണാം. ഒറ്റയും തെറ്റയുമായി ആളുകൾ വരുന്നതുവരെ ഓരോന്ന് ചിന്തിച്ചു കൊണ്ടങ്ങനെ നിന്നു. ഉമ്മു, മൂത്താപ്പയാണ് ... എളാപ്പയാണ് എന്നൊക്കെ ചൂണ്ടികാണിച്ചു തന്നവർ വ്രാന്തയിലെ

കസേരകളിൽ ആസനസ്ഥരായി. ആപ്പ അവർക്ക് അഭിമുഖമായി ഇരുന്നു.

'ഉമ്മും മക്കളും ഇവിടെ നിന്നോട്ടെ .....' മൂത്താപ്പ നിരുദ്ധകണ്ഠനായി ആപ്പയോട് പറഞ്ഞു. എളാപ്പ ഒന്ന് മൂളുക മാത്രം ചെയ്തു. ജലാവൃദ്ധമായ അവരുടെ രണ്ടുപേരുടെയും കണ്ണുകളിൽ ഒരു ഭയം മെല്ലെ നിഴലിക്കാൻ തുടങ്ങി.

'എന്റെ മോളേയും മക്കളെയും ഞാൻ കൊണ്ടു പൊയ്ക്കൊള്ളാം..... ഇവിടെ എനിക്കൊരു സമാധാനം ഉണ്ടാവില്ല ......'

അ ഒമവെശാ, ധ17.07.21 20:52പ

ആപ്പ കരഞ്ഞുകൊണ്ടാണ് പറഞ്ഞത്. തല്ലു കൊള്ളുമ്പോൾ കുറിഞ്ഞിപ്പൂച്ച പുറപ്പെടുവിക്കാറുള്ള നിസ്സഹായതയുടെ മൂളക്കം പോലെ ആപ്പ പറഞ്ഞു നിർത്തിയപ്പോൾ മൂത്താപ്പയും എളാപ്പയും തലതാഴ്ത്തി.

വീണ്ടും  പല ഒക്കങ്ങളിലുമേറി ഭക്ഷണം കഴിച്ച്,തെല്ലൊന്ന് ശുദ്ധിവരുത്തി ഒക്കത്തേറി തന്നെ ഇടവഴിയിലൂടെ വെള്ളക്കാറിന്റെ അടുത്തെത്തി.ആപ്പ എന്നെ  മാറോടുചേർത്ത് കാറിൽ കയറി. ഉമ്മു  ലൗകിക ചിന്തകളെല്ലാം വിട്ട് എന്തോ പിറുപിറുത്തു കൊണ്ട് പുറകിലേ സീറ്റിൽ തളർന്നിരിക്കുന്നത് എന്നെ പാടെ വിഷണ്ണനാക്കി.

കടലുണ്ടിപ്പുഴയുടെ നീരോത്ത് കേട്ട് ഊരകം മലയുടെ മാറിൽ ഉറങ്ങുന്ന നെല്ലിപ്പറമ്പിലേക്ക് കദനഭാരം പേറുന്ന ഹൃദയങ്ങളുമായി വാഹനം ഓടിയെത്തി.

ഗ്രാമപ്പശിമ കലർന്ന ശീകരം മേനിയിൽ അപരിചിതനായ ഒരു അതിഥിയായി അപ്പൊഴേക്ക് ഇരിപ്പുറപ്പിച്ചു കഴിഞ്ഞിരുന്നു.കുഞ്ചിരോമങ്ങളെല്ലാം അതിഥി വന്ദനയിൽ നിരാസനസ്ഥരായ സ്ഥിതിയിലാണ്.കടലിൽനിന്ന് കാറ്റിന് ദീർഘം കൂടുന്തോറും കടൽക്കൊഴുപ്പ് അകന്ന് കാറ്റ് ശീതളാരോഹിണിയായി മാറും. കൽപ്പാത്തി പാഠം കഴിഞ്ഞ് അങ്ങാടി കാണാൻ തുടങ്ങി.മുക്കടകളിലും ഒറ്റയും തെറ്റയുമായി നിൽക്കുന്ന ആളുകൾ വാഹനത്തിനകത്തേക്ക് പാളി നോക്കി വിഷണ്ണരാവുന്നു.ഇടത്തോട്ട് തിരിഞ്ഞു കുറച്ചു നേരം പോയശേഷം വഴിയറ്റത്തായി വാഹനം നിന്നു. നീണ്ടുകിടക്കുന്ന പാറപ്പുറത്തൂടെ ഉമ്മുവും ആപ്പയും  നടക്കാൻ തുടങ്ങി.പറങ്കിമാവുകൾ ക്കിടയിലൂടെയും പന്നച്ചെടികൾക്ക് അരികിലൂടെയും നടന്ന് നടന്ന് ഒടുക്കം എന്റെ പുതു വിലാസത്തിൽ എത്തിച്ചേർന്നു.

മുറ്റവക്കിലെ മൺപടികൾ കയറവേ ഉമ്മു വിന്റെ തോളിൽ നിന്ന് വീടിന്റെ മോന്തായം,മുങ്ങിക്കിടക്കുന്നതിനെ ജലപ്പരപ്പിലേക്ക് പതിയെ പതിയെ ഉയർത്തുന്നതുപോലെ കാണാൻ തുടങ്ങി. പെണ്ണുങ്ങൾ നിരന്നിരിക്കുന്ന മുറ്റത്തു നിന്ന് കുതൂഹലം മുഴങ്ങി. കുഞ്ഞാമമാർ ഓടിയെത്തി. അമ്മാവൻ എന്നെ നെഞ്ചോട് പൊതിഞ്ഞ് ചുംബിച്ചു. അപ്പോഴേക്കും അകത്തുനിന്ന് ഉമ്മൂമ്മ ദണ്ണപ്പേച്ച് തുടങ്ങിയിരുന്നു.

‘ അള്ളാ ........ ഇന്റെ മക്കൾക്ക് ഇനിയാരാ ......‘ കേട്ടപാതി  ഉമ്മുവിനെയും പൊതിഞ്ഞ് അഞ്ചു കുഞ്ഞാമമാരും തേങ്ങിക്കരഞ്ഞു. ആരംഗം ഒരു ക്ഷന്തവ്യനെ തേടുന്നുണ്ടായിരുന്നു. പക്ഷേ ആരുമുണ്ടായിരുന്നില്ല.

പൂച്ചിയുടെ സാരിക്കെണുപ്പിലിരുന്ന് കരി പിടിച്ച ഉറിക്കയറിൽ മെല്ലെ പിടിച്ചതും കൈവെള്ളയിൽ ഒന്നു രണ്ട് കറുത്ത ന്യൂന ചിഹ്നങ്ങൾ പതിഞ്ഞു.തുടച്ചു മാറ്റാൻ ശ്രമിക്കവെ വെള്ളനിറമുള്ള കുപ്പായത്തിൽ കറുത്ത മേഘങ്ങൾ പടർന്നുപിടിക്കുന്നത് കൈയ്യെടുത്തപ്പോഴാണ് മനസ്സിലായത്.

പൂച്ചി  ചോറു വാരി തരാൻ തുനിയുകയാണ്. എനിക്ക് സൈഫുത്തയെ ഓർമ്മ വന്നു ആറ്റുമ്മയെ ഓർമ്മവന്നു.എന്നാലും ഉമ്മു പറഞ്ഞു തന്നത് ഓർമ്മയുണ്ട്.

‘ കുഞ്ഞീ ....... പൂച്ചി കുഞ്ഞാമാനെ മറക്കരുത് കേട്ടോ ...... ഇൻക്ക് അസുഖം വന്നപ്പോൾ ഓളാണ് കുഞ്ഞീനെ നോക്കിയത്. ഓള് സ്കൂളീന്ന് കുഞ്ഞീനെ കാണാത്തോണ്ട് കരയും.തരം കിട്ടിയാ സ്കൂളീന്ന് ചാടി വരും. അത്ര സ്നേഹമാണ് ......‘

 ശരിയാണ് ഞാൻ ഇവിടെ വരുമ്പോഴെല്ലാം പൂച്ചിയും ഇവിടെ വരും. കുഞ്ഞാമമാരിൽ ഒരാൾ മാത്രമേ കല്യാണം കഴിക്കാത്തതായുള്ളു. പൂച്ചിയെ മിന്നുകെട്ടി പറഞ്ഞയച്ചത് അടുത്ത സ്ഥലത്തേക്കായതിനാൽ എപ്പോഴും വീട്ടിലേക്ക് വരാം പ്രത്യേകിച്ച് ഞാൻ ഉണ്ടാവുമ്പോൾ .പൂച്ചിയാണ് ആദ്യമായി വീടും നാടും പരിചയപ്പെടുത്തിയത്.കഞ്ഞിപ്പാത്രത്തിൽ

വിരലാൽ വരച്ച് എനിക്ക് ക്ലാസെടുക്കും. വ്രാന്തയിലേക്ക് ചൂണ്ടി പറയും. ഇതാണ് ‘കോലായി‘. ഭക്ഷണമുറിചൂണ്ടി പറയും ഇതാണ് ‘ കേകോർത്ത് ‘. അമ്മാവന്റെ റൂമിനെ ചൂണ്ടി പറയും ഇതാണ് ‘മഞ്ജുട്രി‘. അടുക്കളയിലേക്കുള്ള വഴി ‘എട്ച്ചേപ്പ്‘ . അടുക്കളയോ ‘ബട്ക്കിണി‘.പാറപ്പുറവും തറവാടും ചേർന്ന കുഞ്ഞുസ്ഥലത്തിന് ‘പട്ടായി ‘എന്ന ഒരു വിളിപ്പേരുള്ളതും പൂച്ചിയാണ് പറഞ്ഞുതന്നത്.

കോലായിൽ ആരൊക്കെ വന്നു പോകുന്നുണ്ടെന്ന് നേരിയ സംസാരങ്ങൾ കേൾക്കുമ്പോൾ അറിയാം.സന്ധ്യാംശുക്കൾ അടുക്കളച്ചുമരിലെ കരിപ്പൂണ്ട അരാതിലിന്റെ  പൂത്തുളകളിലൂടെ തിണ്ടിനെ സ്വർണ്ണവളകൾ അണിയിച്ചിരിക്കുന്നു. പതിയെ പതിയെ അവകളെയെല്ലാം നിലാവിന്റെ കറുത്ത മണവാട്ടികൾ അപഹരിച്ചു കൊണ്ട് പോയി. അടുക്കളച്ചായ്പ്പിലെ ബിടാവിൽ നിന്നുള്ള  പരലിളക്കം  ശ്രദ്ധിക്കാൻ തുടങ്ങിയപ്പോഴാണ് ചോല ഓർമവന്നത്.പെരുന്നാൾ തലേന്ന് രാത്രി കുഞ്ഞാമമാരെല്ലാം തറവാട്ടിൽ എത്താറുണ്ട്.എല്ലാവരും ഒത്തുചേർന്ന് ചോല വക്കിലേക്ക് പോകും. പൂച്ചി എന്നെയും  പേറിയാണ് നടക്കുക. ചോല വക്കിലെ പാറയിൽ എന്നെ ഇരുത്തിയ ശേഷം  അവരെല്ലാം ചോലയിലിറങ്ങി അലക്കാൻ തുടങ്ങും.ചന്ദ്രികാരാവിൽ അലക്കുപത പരന്ന ചോലനീര് കണ്ണിൽ വെട്ടിതിളങ്ങും. അലക്കിയ ശേഷം പൂച്ചി എന്നെയും ചോലയിലിറക്കും.വെള്ളത്തിൽ പാദം പതിയുമ്പോൾ തോൾവലിയും.പൂച്ചി കൈകിണറിലെ ചോല നീരുകൊണ്ട് മുഖം കഴുകുമ്പോൾ കശേരുക്കൾക്ക് അപസ്മാരം പിടിക്കും. ഞാനൊന്ന് കൊട്ടിപ്പിടയും. എത്ര ഉല്ലാസ രംഗമാണെങ്കിലും ചോലറമ്പിലെ കൈതക്കാട് പന്നക്കൂന്തൽകാരി യക്ഷിയെ ഓർമിപ്പിക്കും വിധം ആകാരത്തോടെ നിൽപ്പുണ്ട്.

ഒരിക്കൽ കൈതകാട്ടിൽ നിന്ന് ഒരു പോക്കാൻ തവള ചാടിയതും പേടിച്ചരണ്ട് നിലവിളിച്ചു കൊണ്ട് കൂത്തക്കം മറിഞ്ഞ്  പൂച്ചിയുടെ മേലെ ഉടുമ്പിനെ പോലെ പറ്റി നിന്നതും ഓർമ്മയുണ്ട്.അന്ന് പൂച്ചിക്ക്

കുളിയില്ല,അലക്കില്ല പോയ വഴിയേ പൂച്ചി എന്നേയും തോളിലേറ്റി തറവാട് ചേർന്നു. ചോലവെള്ളത്തിൽ സദാ വാലാട്ടി നന്ദി ചൊല്ലുന്ന പരലുകളെ കാണാം. ഞാൻ വിസ്മയിച്ച് അതിനെ നോക്കിയങ്ങനെ നിൽക്കുമായിരുന്നു.

പൂച്ചി ഒരു പിഞ്ഞാണത്തിൽ അല്പം കഞ്ഞി കൊണ്ടുവന്നു. ഞാൻ മൊത്തിക്കുടിക്കാൻ തുടങ്ങി. ശരിക്കും എനിക്ക് നന്നേ വിശന്നിരുന്നു. പൂച്ചി ഇടക്കിടെ ഏങ്ങിക്കരഞ്ഞ് എന്നെ മാറോട് ചേർക്കും . ബട്ക്കെണിയുടെ പുറത്തേ ചായ്പ്പിലായി ഒരു മഞ്ചയുണ്ട്. ഉമ്മൂമ പഴകിയ സാധനസാമഗ്രികൾ നിധിപോലെ സംരക്ഷിക്കുന്ന ഒരു മഞ്ച.മഞ്ചപ്പുറത്ത് എന്നെ നിർത്തിയശേഷം കൈപ്പാട്ടയിൽ അല്പം വെള്ളം കൊണ്ടുവന്ന് പൂച്ചി കൈ കഴുകി തന്നു .ചിറി വെള്ളം കൊണ്ട് തുടച്ചു.

പൂച്ചി എന്റെ മുഖത്തോട്ട്  നോക്കുന്നത് കണ്ട് ഞാൻ  മനംനിറഞ്ഞ് ചിരിച്ചു. അന്നേരം മനസ്സിൽ ഒരാളിച്ച പടർന്നു പിടിച്ച പോലെ അവരുടെ മുഖം വിവർണമായി.പൂച്ചിയുടെ മുഖത്തൂടെ സങ്കടചാലുകൾ ഒഴുകി. 'എന്റെ കുട്ടി യത്തീം ആയല്ലോ.....' എന്റെ കാതുകളിലേക്ക് മാത്രമായി പൂച്ചി നിലവിളിച്ചു .ആദ്യമായാണ് അങ്ങനെ വിളിക്കുന്നത് , സാധാരണ എല്ലാവരും കുഞ്ഞീ എന്നാണ് വിളിക്കാറ് .ഇപ്പോഴിതാ പുതിയ ഒരു പേര് വീണിരിക്കുന്നു.' യത്തീം' രണ്ടുദിവസമായി പല പരിചയ ഭാവങ്ങളിലും അപരിചിതത്വം തെളിയാൻ തുടങ്ങിയിട്ട്. എന്നെ കണ്ട മാത്രയിൽ സന്തോഷിച്ചിരുന്നവരെല്ലാം കണ്ട പക്കം വേദനിക്കുന്നു.മുഖങ്ങളിൽ മൗനം ഒഴിഞ്ഞാൽ കരച്ചിൽ .....കരച്ചിൽ ഒഴിഞ്ഞാൽ മൗനം ......... ഞാൻ കാറച്ചാലിലേക്ക് കൊപ്ലിച്ചുതുപ്പി.ആകാശത്തുനിന്ന്  ധവളിമയിലൂടെ ഇരുട്ട് ഒലിച്ചിറങ്ങി പരന്നിരിക്കുന്നു. ആകാശം ശവപ്പറമ്പ് പോലെ നിർജീവമാണ്. സർവ്വതിളക്കങ്ങളേയും കർക്കിടക മേഘങ്ങൾ കബറിലാക്കിയിരിക്കുന്നു. മനുഷ്യരിലും പ്രകൃതിയിലും മൂകത മാത്രം. ഭൂമിയുടെ മീസാൻകല്ലായി എഴുന്നു നിന്ന എന്നെ വകഞ്ഞ് ഒരു ചാരുവാസി പോയി. അവരിലും വികാരാധീനമായ ആ വിളിയാളം ഞാൻ കേട്ടു. സഹാനുഭൂതിയുടെയും ഓശാരത്തിന്റേയും കാന്തികവലയങ്ങൾ കൈ നീട്ടുന്ന ആ വിളിയാളം 'യത്തീം'. കാലത്തിന്റെ അർത്ഥങ്ങൾ ഒന്നും  മനസ്സിലാകുന്നില്ല. എല്ലാ ജലദീപങ്ങളും അണഞ്ഞപ്പോൾ ഞാൻ പൂച്ചിയുടെ ഊരപ്പടവുകൾ വീണ്ടും കയറി. എടുച്ചേപ്പിലൂടെ മഞ്ജുട്രി ലാക്കാക്കി പൂച്ചി മെല്ലേ നടന്നു.മഞ്ജുട്രിയിലെ മരക്കട്ടിലിൽ എന്നെ കിടത്തി പൂച്ചി അരികിലിരുന്ന് തല തടവാൻ തുടങ്ങി. പൂച്ചിയുടെ വിരലുകൾ താരാട്ടുപാടുന്നുണ്ടെങ്കിലും അവയെല്ലാം നിരസിച്ച് ഞാൻ കട്ടിലിൽ കുത്തിയിരുന്നു. പൂച്ചി കണ്ണുകളിലേക്ക് തന്നെ നോക്കി നിൽക്കുകയാണ്.' കുഞ്ഞാമാ.... എനിക്ക് ഉമ്മൂന്റെ അടുത്ത് കിടക്കണം. ' പൂച്ചി എന്നെ നെഞ്ചോട് ചേർത്തു നടന്നു. ചുവരിലെ പല്ലി കണക്ക് ഞാൻ  പറ്റി നിന്നു. ഉമ്മുവിന്റെ കൈവലയങ്ങൾക്കുള്ളിൽ ഗർഭപാത്രത്തിന്റെ ചൂടേറ്റ് കിടക്കുമ്പോൾ നിദ്രാമണികൾ തലോടുന്നുണ്ടായിരുന്നു. അവകൾ വന്നും വരാതെയും

കളിപ്പിക്കാൻ തുടങ്ങി.ഉന്നിദ്രമായ മനസ്സ്  അസ്വസ്ഥതയിലാണ്. വേവലാതി മാറ്റാൻ എന്തിനും അവസാനമായി എനിക്ക് ഉത്തരം നൽകാറുള്ള ഉമ്മുവിനോട് തന്നെ ചോദിച്ചു. 'ഉമ്മൂ ഈ യത്തീമെന്നാൽ എന്താ ....?' ഉമ്മു വിന്റെ ഹൃദയം എന്റെ നഗ്നമായ പുറത്ത് അനിയന്ത്രിതമായി മിടിക്കാൻ തുടങ്ങി. ഉമ്മു ഉറക്കെ കരഞ്ഞു. ആ കരച്ചിൽ അറ്റമില്ലാത്ത ഭാവിയിലേക്ക്  ഒഴുകിപ്പോയി. ക്ഷണം പ്രകൃതിയിൽ കർക്കിടകം പൊട്ടി. പിന്നെ എങ്ങും മഴത്താളം മാത്രം .......